(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ എഫ്. ഐ.ആർ. നമ്പർ 185/03 കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പ്രദേശത്ത് സാമൂഹ്യവിരുദ്ധരുടെ ശല്യം കൂടിവരികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടത്തെ സാമൂഹ്യവിരുദ്ധശല്യം ഇല്ലാതാക്കി സൈരജീവിതം നില നിറുത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) പ്രതിയെ എത്രയുംവേഗം അറസ്റ്റ് ചെയ്യാൻ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സാമൂഹ്യവിരുദ്ധരുടെ ശല്യം ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യാജ സ്പിരിറ്റ് കേസ് അന്വേഷണം

43 [760] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ വ്യാജ സ്പിരിറ്റ് പിടികൂടിയതുമായി ബന്ധപ്പെട്ട് നടത്തുന്ന ഏതെങ്കിലും അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരദേശവാസികളായ ഒരുകൂട്ടം നാട്ടുകാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനും റിപ്പോർട്ടിനുമായി 20-9-2003-ൽ നൽകിയിട്ടുണ്ട്.

(ബി) അന്വേഷണാവസ്ഥയിലാണ്.

പോലീസ് ബറ്റാലിയനിലെ ക്യാമ്പ് ഫോളോവർമാർ

44 [761] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ എത്ര ബറ്റാലിയനുകളാണ് നിലവിൽ ഉള്ളത്; എല്ലാ ബറ്റാലിയനുകളിലും കൂടി എത്ര ക്യാമ്പ് ഫോളോവർമാർ ജോലി ചെയ്തുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് യൂണിഫോമോ കൃത്യമായ ജോലി സമയമോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർ പോലീസ് സേനയുടെ ഭാഗമാണോ അതോ സിവിൽ സർവ്വീസിന്റെ ഭാഗമാണോ എന്നറിയിക്കാമോ;

(ഡി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ 8 ബറ്റാലിയനുകളാണ് നിലവിൽ ഉള്ളത്. ഇവയിൽ 469 ക്യാമ്പ് ഫോളോവർമാർ ജോലി ചെയ്തുവരുന്നു.

(ബി) ബറ്റാലിയനിലെ ക്യാമ്പ് ഫോളോവർമാർക്ക് കൃത്യമായ ജോലി സമയം ഉണ്ട്.

(സി) പോലീസ് സേനയുടെ ഭാഗമാണ്. എന്നാൽ സർവ്വീസ് കാര്യങ്ങൾ, ശിക്ഷണ നടപടികൾ എന്നിവ സിവിൽ സർവ്വീസ് ചട്ടങ്ങൾക്ക് അനുസരിച്ചാണ് ചെയ്യുന്നത്.

(ഡി) അവരുടെ രേഖാമൂലമുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

തൃശ്ശൂർ ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ

45 [762] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്ക സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ് എന്ന് അറിയിക്കുമോ;

(സി) ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവിടെ കഴിഞ്ഞ മൂന്നു വർഷമായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്രയാണെന്നും അറിയിക്കുമോ;

(ഡി) പെരിങ്ങോട്ടുകരയിൽ നിലവിലുണ്ടായിരുന്ന പോലീസ് ഔട്ട് പോസ്റ്റ് നിർത്തലാക്കാൻ എന്താണ് കാരണം;

(ഇ) ഈ ഔട്ട്പോസ്റ്റിന് എത്ര സ്ഥലം ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) പെരിങ്ങോട്ടുകരയിൽ പുതുതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നിർദ്ദേശം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly